സ.ഉ.(കൈ) നം.25/2023/F&WLD

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനം വന്യജീവി വകുപ്പ്-ജീവനക്കാര്യം- സെക്ഷൻ ഫോറസ്റ്റ് ഓഫീസർ ശ്രീ.എം സന്തോഷ് കുമാറിന്, വനം വകുപ്പാസ്ഥാനത്തെ ഫോറസ്റ്റ് ഇൻഫർമേഷൻ ബ്യൂറോയിലെ വർക്കിംഗ് അറേഞ്ച്മെന്റ് കാലാവധി 03.05.2023 മുതൽ ഒരു വർഷത്തേയ്ക്ക് ദീർഘിപ്പിച്ച് നൽകി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി (എഫ്) വകുപ്പ്**

സ.ഉ.(കൈ) നം.25/2023/F&WLD തീയതി, തിരുവനന്തപുരം, 04-11-2023.

---

പരാമർശം:-
1. 08.08.2012 ലെ സ.ഉ.(പി) 442/2012/ധന നമ്പർ ഉത്തരവ്.
2. 07.06.2018 ലെ സ.ഉ. (സാധാ) 272/2018/വനം നമ്പർ ഉത്തരവ്.
3. ശ്രീ. സന്തോഷ് കുമാർ എം. സമർപ്പിച്ച 12.02.2023 ലെ അപേക്ഷ.
4. ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 16.04.2023, 21.08.2023 തീയതികളിലെ ഇ7-5991/2019 നമ്പർ കത്തുകൾ.

**ഉത്തരവ്**

പാലക്കാട് ജില്ലയിലെ പറമ്പിക്കുളം വന്യജീവി സങ്കേതത്തിൽ സെക്ഷൻ ഫോറസ്റ്റ് ഓഫീസറായ ശ്രീ. എം. സന്തോഷ് കുമാറിന് വൃക്കരോഗ സംബന്ധമായ അസുഖത്തിന് ചികിത്സ നടത്തുന്നതിനാൽ, വനം വകുപ്പാസ്ഥാനത്തെ ഫോറസ്റ്റ് ഇൻഫർമേഷൻ ബ്യൂറോയിൽ പരാമർശം (2) ഉത്തരവ് പ്രകാരം വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ നിയമനം നൽകുകയും , 10.06.2019 ൽ നടത്തിയ വൃക്ക മാറ്റി വയ്ക്കൽ ശസ്ത്രക്രിയയെ തുടർന്നുള്ള ചികിത്സാ സൗകര്യാർത്ഥം പ്രസ്തുത കാലാവധി നീട്ടി അനുവദിച്ചു വരുകയും ചെയ്തിരുന്നു. ശ്രീ. എം. സന്തോഷ് കുമാറിന് അനുവദിച്ചിരുന്ന വർക്കിംഗ് അറേഞ്ച്മെന്റ് കാലാവധി 02.05.2023 തീയതിയിൽ അവസാനിച്ച സാഹചര്യത്തിൽ, നിലവിലെ ആരോഗ്യസ്ഥിതി പരിഗണിച്ചും, തുടർ ചികിത്സാ സൗകര്യം പരിഗണിച്ചും വർക്കിംഗ് അറേഞ്ച്മെന്റ് കാലാവധി ദീർഘിപ്പിച്ച് നൽകുന്നതിന് ടിയാൻ പരാമർശം (3) പ്രകാരം സമർപ്പിച്ചിരുന്ന അപേക്ഷ, ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ശിപാർശ സഹിതം പരാമർശം (4) പ്രകാരം ലഭ്യമാക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം പരിശോധിക്കുകയുണ്ടായി. പരാമർശം (1) ഉത്തരവ് പ്രകാരം ആരോഗ്യ കുടുംബക്ഷേമ വകുപ്പിൽ ഒഴികെയുള്ള ജീവനക്കാർക്ക് വർക്കിംഗ് അറേഞ്ച്മെന്റ് അനുവദനീയമല്ല. ശ്രീ. എം. സന്തോഷ് കുമാറിനു വർക്കിംഗ് അറേഞ്ച്മെന്റ് അനുവദിക്കാതിരുന്നാൽ തിരിച്ച് ഈസ്റ്റേൺ സർക്കിളിൽ നിയമിക്കേണ്ടി വരും. ഫീൽഡ് ജോലി ആവശ്യമായ മേൽ തസ്തികയിൽ ടിയാന്റെ ആരോഗ്യ സ്ഥിതി പരിഗണിച്ച് മേൽ ജോലി നിർവഹിക്കാൻ പ്രയാസമായിരിക്കും. കിംസ് ആശുപത്രിയിലെ ഡോക്ടറുടെ സർട്ടിഫിക്കറ്റിൽ

ശ്രീ. സന്തോഷ് കുമാർ എം.-ന് പ്രതിമാസ ഫോളോഅപ്പം മരുന്നുകളുടെ അഡ്ജസ്റ്റ്മെന്റും ആവശ്യമാണ് എന്നും, വലിയ ജനക്കൂട്ടത്തെ ഒഴിവാക്കാനും മനുഷ്യരിൽ നിന്നോ മൃഗങ്ങളിൽ നിന്നോ ഉള്ള അണുബാധ തടയുന്നതിനുള്ള പരമാവധി ശ്രമങ്ങൾ നടത്താനും നിർദേശിച്ചിട്ടുണ്ട്.

3. മേൽ സാഹചര്യത്തിൽ, വനം വന്യജീവി വകുപ്പിലെ സെക്ഷൻ ഫോറസ്റ്റ് ഓഫീസർ ശ്രീ. എം. സന്തോഷ് കുമാറിന്റെ ഫോറസ്റ്റ് ഇൻഫർമേഷൻ ബ്യൂറോയിലെ വർക്കിംഗ് അറേഞ്ച്മെന്റ് കാലാവധി, മാനുഷിക പരിഗണന നൽകി, വർക്കിംഗ് അറേഞ്ച്മെന്റുമായി ബന്ധപ്പെട്ട് പരാമർശം (1) പ്രകാരം നിലവിലുള്ള ഉത്തരവിൽ ഇളവനുവദിച്ചു കൊണ്ട്, 03.05.2023 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ആർ ജ്യോതിലാൽ
അഡീഷണൽ ചീഫ് സെക്രട്ടറി.

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം), തിരുവനന്തപുരം.
ശ്രീ. സന്തോഷ് കുമാർ.എം, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ (അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) മുഖേന).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ &ഇ ), കേരള, തിരുവനന്തപുരം.
പൊതുഭരണ(എസ്.സി) വകുപ്പ് ( ഇനം നമ്പർ 1853 തീയതി 01.11.2023).
ധനകാര്യ വകുപ്പ് (അഗ്രി-എ2/96/2023).
വെബ് & ന്യൂ മീഡിയ.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Noushad S
Date: 04-11-2023 10:46:37

പകർപ്പ്- ബഹു. വനം വന്യജീവി വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്.
അഡീഷണൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്.

<u>രഹസ്യം</u>

**കേരള സർക്കാർ**

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 01-11-2023**

ഫയൽ നം. എഫ്3/76/2023/വനം.

ഇനം നം: 1853

വിഷയം : വനം-വന്യജീവി വകുപ്പ് - വനം-വന്യജീവി വകുപ്പിലെ സെക്ഷൻ ഫോറസ്റ്റ് ഓഫീസർ ശ്രീ. എം. സന്തോഷ് കുമാറിന്റെ ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോയിലെ വർക്കിംഗ് അറേഞ്ച്മെന്റ് കാലാവധി ദീർഘിപ്പിച്ച് നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വേണു. വി.
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, വനം-വന്യജീവി വകുപ്പ്.

1853

**കേരള സർക്കാർ**

(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)

മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | എഫ്3/76/2023/വനം. |
| 2 | വകുപ്പ് | വനം വന്യജീവി (എഫ്) വകുപ്പ്. |
| 3 | വിഷയം | വനം വന്യജീവി വകുപ്പിലെ സെക്ഷൻ ഫോറസ്റ്റ് ഓഫീസർ ശ്രീ. എം. സന്തോഷ് കുമാറിന്റെ ഫോറസ്റ്റ് ഇൻഫർമേഷൻ ബ്യൂറോയിലെ വർക്കിംഗ് അറേഞ്ച്മെന്റ് കാലാവധി ദീർഘിപ്പിച്ച് നൽകുന്നത്-സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 17.10.2023. |
| 5 | (i)ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ?<br>(ii) സാമ്പത്തികബാദ്ധ്യതയുള്ളതാണെങ്കിൽ ധനവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗ ത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | അല്ല.<br>ഉണ്ട്. |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല. |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ഷാജൻ.എ |
| 8 | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | കെ.ആർ. ജ്യോതിലാൽ |
| 9 | മന്ത്രിസഭയ്ക്കുള്ള കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 21.10.2023. |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. വേണു.വി. |
| 11 | മന്ത്രിസഭയ്ക്കുള്ള കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 21.10.2023. |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. എ. കെ. ശശീന്ദ്രൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 26.10.2023. |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 28.10.2023. |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

വനം വന്യജീവി വകുപ്പിലെ സെക്ഷൻ ഫോറസ്റ്റ് ഓഫീസർ ആയ ശ്രീ. എം. സന്തോഷ് കുമാറിന്റെ ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോയിലെ വർക്കിംഗ് അറേഞ്ച്മെന്റ് കാലാവധി 03.05.2023 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് നൽകുന്നതുമായി ബന്ധപ്പെട്ടതാണ് ഈ കുറിപ്പിനാധാരമായ വിഷയം.

2. പാലക്കാട് ജില്ലയിലെ പറമ്പിക്കുളം വന്യജീവി സങ്കേതത്തിൽ സെക്ഷൻ ഫോറസ്റ്റ് ഓഫീസറായ ശ്രീ. എം. സന്തോഷ് കുമാറിന് വൃക്കരോഗ സംബന്ധമായ അസുഖത്തിന് ചികിത്സ നടത്തുന്നതിനാൽ, വനം വകുപ്പാസ്ഥാനത്തെ ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോയിൽ 07.06.2018 ലെ സ.ഉ(സാധാ) 272/2018/വനം നമ്പർ ഉത്തരവ് പ്രകാരം വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ നിയമനം നൽകുകയുണ്ടായി. 10.06.2019 ൽ നടത്തിയ വൃക്ക മാറ്റി വയ്ക്കൽ ശസ്ത്രക്രിയയെ തുടർന്നുള്ള ചികിത്സാ സൗകര്യാർത്ഥം ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോയിലുള്ള വർക്കിംഗ് അറേഞ്ച്മെന്റ് കാലാവധി നീട്ടി അനുവദിച്ചു വരുന്നു. വർക്കിംഗ് അറേഞ്ച്മെന്റ് കാലാവധി 02.05.2023 തീയതിയിൽ അവസാനിച്ചിട്ടുണ്ട്. ടിയാന്റെ നിലവിലെ ആരോഗ്യസ്ഥിതി പരിഗണിച്ചും, തുടർ ചികിത്സാ സൗകര്യം പരിഗണിച്ചും ശ്രീ. എം. സന്തോഷ് കുമാറിന്റെ വർക്കിംഗ് അറേഞ്ച്മെന്റ് കാലാവധി ദീർഘിപ്പിച്ച് നൽകുന്നതിന് ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ശിപാർശ ലഭ്യമാക്കിയിരുന്നു.

3. 08.08.2012 ലെ സ.ഉ.(പി) 442/2012/ധനം നമ്പർ ഉത്തരവ് പ്രകാരം ആരോഗ്യ കുടുംബക്ഷേമ വകുപ്പിൽ ഒഴിച്ചുള്ള ജീവനക്കാർക്ക് വർക്കിംഗ് അറേഞ്ച്മെന്റ് അനുവദനീയമല്ല. 24.03.2023 ലെ 29/23/ധന നമ്പർ സർക്കുലർ പ്രകാരം, വർക്കിംഗ് അറേഞ്ച്മെന്റുമായി ബന്ധപ്പെട്ട് ഇളവനുവദിക്കുമ്പോൾ ധനകാര്യ വകുപ്പിന്റെ അനുമതി വാങ്ങണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതിനാൽ, ശ്രീ. എം. സന്തോഷ് കുമാറിന്റെ വർക്കിംഗ് അറേഞ്ച്മെന്റ് കാലാവധി ദീർഘിപ്പിച്ച് നൽകുന്ന വിഷയത്തിൽ, പ്രസ്തുത വകുപ്പിന്റെ അഭിപ്രായം തേടുകയുണ്ടായി. ധനകാര്യ വകുപ്പിന്റെ റിമാർക്സ് ചുവടെ ചേർത്തിരിക്കുന്നു .

'ശസ്ത്രക്രിയ കഴിഞ്ഞ് 4 വർഷം പിന്നിട്ടിട്ടും ശ്രീ. എം. സന്തോഷ് കുമാറിനെ വർക്കിംഗ് അറേഞ്ച്മെന്റിൽ തുടരാൻ അനുവദിക്കുന്നത് ഉചിതമല്ലാത്ത സാഹചര്യത്തിലും, 08.08.2012 ലെ സ.ഉ (സാധ) 442/2012/ധന നമ്പർ സർക്കാർ ഉത്തരവിൽ ആരോഗ്യ വകുപ്പിലെ സ്റ്റാഫുകൾക്ക് ഒഴികെയുള്ള വകുപ്പുകളിലെ ജീവനക്കാർക്ക് വർക്കിംഗ് അറേഞ്ച്മെന്റ് അനുവദിക്കുന്നതല്ലെന്ന് നിഷ്കർഷിച്ചിട്ടുള്ള സാഹചര്യത്തിലും ശ്രീ. എം. സന്തോഷ് കുമാറിന്റെ വർക്കിംഗ് അറേഞ്ച്മെന്റ് കാലാവധി ദീർഘിപ്പിച്ച് നൽകാൻ നിർവ്വാഹമില്ല എന്നുള്ള വിവരം ഭരണ വകുപ്പിനെ അറിയിക്കുന്നു'.

4. ഫീൽഡ് ജോലികൾ ചെയ്യുന്നതിനോ യാത്ര ചെയ്യുന്നതിനോ കഴിയാത്തതിന്റെ അടിസ്ഥാനത്തിൽ ആണ് ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ (എഫ്.ഐ.ബി.) യിൽ വർക്കിംഗ് അറേഞ്ച്മെന്റ് നൽകിയത് എന്നും, ഇപ്പോൾ മാസം തോറും ചെക്കപ്പിനും തുടർ ചികിത്സയ്ക്കുമായി കിംസ് ഹോസ്പിറ്റലിൽ പോകേണ്ടതുണ്ട് എന്നും, ഈ വിഷമാവസ്ഥ മനസ്സിലാക്കി ഇപ്പോൾ ജോലി ചെയ്തു വരുന്ന ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോയിൽ വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ തുടർന്നും ജോലി ചെയ്യുന്നതിനായി നിലവിലെ അനുമതി ഉത്തരവ് ദീർഘിപ്പിച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണം എന്നും ശ്രീ. എം. സന്തോഷ് കുമാർ 12.02.2023 ന് സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നു. കിംസ് ആശുപത്രിയിലെ ഡോക്ടറുടെ സർട്ടിഫിക്കറ്റിൽ ശ്രീ. സന്തോഷ് കുമാർ എം നു പ്രതിമാസ ഫോളോഅപ്പും മരുന്നുകളുടെ അഡ്ജസ്റ്റ്മെന്റും ആവശ്യമാണ് എന്നും, വലിയ ജനക്കൂട്ടത്തെ ഒഴിവാക്കാനും മനുഷ്യരിൽ നിന്നോ മൃഗങ്ങളിൽ നിന്നോ ഉള്ള അണുബാധ തടയുന്നതിനുള്ള പരമാവധി ശ്രമങ്ങൾ നടത്താനും നിർദേശിച്ചിട്ടുണ്ട്.

5. വനം വന്യജീവി വകുപ്പിൽ സെക്ഷൻ ഫോറസ്റ്റ് ഓഫീസർ തസ്തികയിലുള്ള ഒരു ജീവനക്കാരന് അന്തർ സർക്കിൾ സ്ഥലം മാറ്റം അനുവദനീയമല്ല. കേരള ഫോറസ്റ്റ് സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ്, 2010 ന്റെ ഭേദഗതിക്കുള്ള കരടിൽ സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാരുടെ നിയമനം സംസ്ഥാന തലത്തിൽ ആക്കുന്നതിന് ഭേദഗതി ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ഭേദഗതി നിലവിൽ വരുന്നതോടെ സെക്ഷൻ ഫോറസ്റ്റ് ഓഫീസർ തസ്തികയിൽ ജോലി ചെയ്യുന്നവർക്ക് അന്തർ സർക്കിൾ സ്ഥലം മാറ്റത്തിന് അർഹത ഉണ്ടാവുന്നതാണ് .

6. ശ്രീ. എം. സന്തോഷ് കുമാറിനു വർക്കിംഗ് അറേഞ്ച്മെന്റ് അനുവദിക്കാതിരുന്നാൽ തിരിച്ച് ഈസ്റ്റേൺ സർക്കിളിൽ നിയമിക്കേണ്ടി വരും. ഫീൽഡ് ജോലി ആവശ്യമായ മേൽ തസ്തികയിൽ ടിയാന്റെ ആരോഗ്യ സ്ഥിതി പരിഗണിച്ച് മേൽ ജോലി നിർവഹിക്കാൻ പ്രയാസമായിരിക്കും. വർക്കിംഗ് അറേഞ്ച്മെന്റ് അനുവദിച്ചില്ലെങ്കിൽ ടിയാന് നിരന്തരം ചെക്കപ്പിനും തുടർ ചികിത്സയ്ക്കും സാധിക്കാത്ത സാഹചര്യം ഉണ്ടാവാനിടയുണ്ട്.

7. ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോയിലെ ശ്രീ. സന്തോഷ് കുമാറിന്റെ വർക്കിംഗ് അറേഞ്ച്മെന്റ് കാലാവധി, മാനുഷിക പരിഗണന നൽകി, വർക്കിംഗ് അറേഞ്ച്മെന്റുമായി ബന്ധപ്പെട്ട നിലവിലെ ഉത്തരവിൽ ഇളവനുവദിച്ചുകൊണ്ട്, ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് നൽകുന്ന വിഷയത്തിൽ ഉത്തരവിനായി ചംക്രമണം ചെയ്തപ്പോൾ, ഇക്കാര്യം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കാനും, 2010-ലെ കേരള ഫോറസ്റ്റ് സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ് ഭേദഗതി ചെയ്യുന്നതിനുള്ള നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കാനും ബഹു. മുഖ്യമന്ത്രി ഉത്തരവ് ആകുകയുണ്ടായി.

## തീരുമാനിക്കേണ്ട വിഷയം

വനം വന്യജീവി വകുപ്പിലെ സെക്ഷൻ ഫോറസ്റ്റ് ഓഫീസർ ആയ ശ്രീ. സന്തോഷ് കുമാറിന്റെ ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോയിലെ വർക്കിംഗ് അറേഞ്ച്മെന്റ് കാലാവധി ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടന്ന് 03.05.2023 മുതൽ ഒരു വർഷത്തേക്ക് കൂടി, മാനുഷിക പരിഗണന നൽകി, വർക്കിംഗ് അറേഞ്ച്മെന്റുമായി ബന്ധപ്പെട്ട നിലവിലെ ഉത്തരവിൽ ഇളവനുവദിച്ചുകൊണ്ട്, ദീർഘിപ്പിച്ച് നൽകാമോ ?